# ഒന്നാം ക്ലാസ്സിലേക്ക് ഒരു  മടക്കയാത്ര

| | | | | |
|---|---|---|---|---|
| अ అ அ<br>അ | आ ఆ ஆ<br>ആ<br>ാ | इ ఇ இ<br>ഇ<br>ി | ई ఈ ஈ<br>ഈ<br>ീ | उ ఉ உ<br>ഉ<br>ു |
| ऊ ఊ ஊ<br>ഊ<br>ൂ | ऋ ఋ<br>ഋ<br>ൃ | ఎ எ<br>എ<br>െ | ए ఏ ஏ<br>ഏ<br>േ | ऐ ఐ ஐ<br>ഐ<br>ൈ |
| ఒ ஒ<br>ഒ<br>ൊ | ओ ఓ ஓ<br>ഓ<br>ോ | औ ఔ ஔ<br>ഔ<br>ൌ | अं అం<br>അം<br>ം | अः అః<br>അഃ<br>ഃ |
| क క க<br>ക | ख ఖ<br>ഖ | ग గ<br>ഗ | घ ఘ<br>ഘ | ङ ఙ ங<br>ങ |
| च చ ச<br>ച | छ ఛ<br>ഛ | ज జ ஜ<br>ജ | झ ఝ<br>ഝ | ञ ఞ ஞ<br>ഞ |
| ट ట ட<br>ട | ठ ఠ<br>ഠ | ड డ<br>ഡ | ढ ఢ<br>ഢ | ण ణ ண<br>ണ |
| त త த<br>ത | थ థ<br>ഥ | द ద<br>ദ | ध ధ<br>ധ | न నந,ன<br>ന |
| प ప ப<br>പ | फ ఫ<br>ഫ | ब బ<br>ബ | भ భ<br>ഭ | म మ ம<br>മ |
| य య ய<br>യ | र ర ர<br>ര | ल ల ல<br>ല | व వ வ<br>വ | श శ<br>ശ |
| ष ష ஷ<br>ഷ | स స ஸ<br>സ | ह హ ஹ<br>ഹ | ळ ళ ள<br>ള | क्ष క్ష க்ஷ<br>ക്ഷ |

| | | | | |
|---|---|---|---|---|
| ఴ ழ<br>ഴ | ఱ ற<br>റ | ఱం ற்ற<br>റ്റ | त्र<br>ത്ര | ज्ञ<br>ജ്ഞ |

ആകെ അക്ഷരങ്ങൾ

ദേവനാഗരി 47; തെലുങ്ക് 53; തമിഴ് 38. **മലയാളം**53. കൂടാതെ, 1 വിസർഗം, 1 അനുസ്വാരം, 5 ചില്ലുകൾ (ൻ, ൺ, ൽ, ൾ, ർ). പക്ഷെ, പൂർണ്ണാക്ഷരങ്ങളല്ലായ്കയാൽ, അവയെ അക്ഷര ഗണങ്ങളുടെ എണ്ണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ആദ്യത്തെ മൂന്നു ചതുരവരികളിൽ നാലു ഭാഷകളിലെ സ്വരങ്ങളാണ്. ശേഷമുള്ളവയിൽ വ്യഞ്ജനങ്ങളും. മലയാളത്തിൽ 'ന' എന്ന വ്യഞ്ജനത്തിന്ന് രണ്ടു വ്യത്യസ്ത ഉച്ചാരണങ്ങളാണുള്ളത്. (1) ഈ അക്ഷരത്തോടു കൂടി ഒരു മലയാളവാക്ക് ആരംഭിക്കുമ്പോൾ, 'നദി' യിലെ 'ന' ആയും, വാക്കിൽ ഇത് രണ്ടാമതോ മൂന്നാമതോ ആയി വരികയാണെങ്കിൽ, 'പന' യിലെ 'ന' പോലെയും ആണ് ഉച്ചരിക്കേണ്ടത്. പക്ഷെ, സംയോജിതപദമാണെങ്കിൽ, മേൽപ്പറഞ്ഞ നിയമം സാധുവല്ല. യോജിക്കപ്പെട്ട വാക്കുകളിലെ യഥാർത്ഥ ഉച്ചാരണമാണ് ഉപയോഗിക്കേണ്ടത്. നനവ് (രണ്ടും വ്യത്യസ്തം), നന്ന്, വന്ന്, എന്ന് എന്നീ വാക്കുകൾ തമിഴിൽനിന്ന് വന്നതാകയാൽ ആദ്യത്തെ 'ന'പോലെ ഉച്ചരിക്കണം.

തമിഴിൽ ഇവയ്ക്ക് വ്യത്യസ്ത അക്ഷരങ്ങളുണ്ട് (ந, ன.)

മലയാളത്തിൽ '**ത്ര**, **ജ്ഞ**' കൂട്ടക്ഷരങ്ങളാകുമ്പോൾ, ദേവനാഗരിയിൽ അവ സ്വതന്ത്രാക്ഷരങ്ങളാണ്. പക്ഷെ, രണ്ടു ഭാഷകളിലും '**ക്ഷ**' സ്വതന്ത്രാക്ഷരമാണ്, അടുത്ത കാലത്ത് അതിനെ കൂട്ടക്ഷരമാക്കി ചില ഇടങ്ങളിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും. '**ക്ഷ**' എന്നു ഉച്ചരിക്കുമ്പോൾ, അതിൽ '**ക**'യുടെ ധ്വനിയില്ല എന്നതുതന്നെ അതിനു

കാരണം. '**ക്ഷ**'എന്നത് കൂട്ടക്ഷരമാണെങ്കിൽ '**ദ്ര**' എന്നതും ഒരു കൂട്ടക്ഷരമാകുമല്ലോ. എന്തെന്നാൽ ദ, റ. ര എന്ന മൂന്നക്ഷരങ്ങൾ കൂടിച്ചേർന്നതാണല്ലോ '**ദ്ര**'. അപ്പോൾ അതിനെ ദ്+റ്+ര എന്ന് വായിക്കേണ്ടിവരുമല്ലോ.

മലയാളലിപിയുടെ പ്രചാരണത്തിന്നായിട്ടാണ് തുഞ്ചത്ത് എഴുത്തച്ഛൻ ***ഹരിനാമകീർത്തനം*** എന്ന കൃതി രചിച്ചതെന്ന് പൊതുവെ വിശ്വസിക്കപ്പെടുന്നു. സാമൂതിരി രാജാവിന്റെ പ്രതിലോമ പവർത്തനത്തിൽനിന്നു രക്ഷപ്പെടാനായിരിക്കണം അദ്ദേഹം ഇത് ഭഗവൽ കീർത്തനമാക്കി രചിച്ചത്. അമ്പത്തൊന്നക്ഷരങ്ങളും അനുസ്വാരവിസർഗ ശബ്ദങ്ങളും ഉപയോഗിച്ച് 'അകാരാദി' യിലാണ് ഇതിന്റെ രചന. അതിനാൽ, 'അൻപേണമെന്മനസി...' എന്നു തുടങ്ങി 'ക്ഷരിയായൊരക്ഷരമ തിങ്കേന്നുദിച്ചതിതു...' വരെയുള്ളതാണ് ഇതിലെ ശ്ലോകങ്ങൾ. എന്നാൽ, എ, ഒ, ഴ, റ, റ്റ എന്ന അക്ഷരങ്ങളിൽ ആരംഭിക്കുന്ന ശ്ലോകങ്ങൾ കാണുന്നില്ല. അതിനാൽ, എ, ഒ അക്ഷരങ്ങൾ എഴുത്തച്ഛൻ ചേർത്തതല്ല എന്നുവേണം കരുതാൻ. എന്നാൽ മറ്റു ശ്ലോകങ്ങളിൽ ഴ എട്ടു തവണയും റ ആറു തവണയും പ്രത്യക്ഷപ്പെട്ടു കാണുന്നു. അതിനാൽ അവ പിൽക്കാലത്ത് അദ്ദേഹത്തിന്റെ പിൻഗാമികൾ മാറ്റി എഴുതിയവയാകാം. ഹരിനാമകീർത്തനം തുടക്കത്തിൽ മലയാളലിപിയിലായിരുന്നില്ലെന്നും ആര്യ എഴുത്തിലായിരുന്നെന്നും ശ്രുതിയുണ്ട്.

ഹരിനാമകീർത്തനത്തിലെ

'ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവി-
ലുണ്ടായൊരിണ്ടൽ ബത മിണ്ടാവതല്ല മമ'

എന്ന വരികളിൽ, ദേവനാഗരി, മലയാള അക്ഷരങ്ങൾ കാണുമ്പോൾ ഉച്ചാരണം ഒരുപോലെയാണെങ്കിലും രൂപങ്ങൾ വ്യത്യസ്തമായതിനാൽ വിഷമം തോന്നുന്നുവെന്ന് എഴുത്തച്ഛൻ ചൂണ്ടിക്കാണിക്കുന്നുണ്ടല്ലോ. മലയാളഭാഷ

ഉരുത്തിരിഞ്ഞത് സംസ്കൃതം, തമിഴ്, തെലുങ്ക് തുടങ്ങിയ ഭാഷകൾക്കുപുറമെ, പോർച്ചുഗീസടക്കമുള്ള വിദേശഭാഷ കളിൽനിന്നു പദങ്ങൾ കടമെടുത്തുകൊണ്ടാണല്ലോ. കറി, ജനാല, മേശ തുടങ്ങിയവ പോർച്ചുഗീസിൽനിന്ന് കടമെടു ത്തതാണ്. വൈദേശിക ആരോഗ്യശാസ്ത്രത്തിലെ വൈ ദ്യൻ എന്ന നാമത്തെ 'അപ്പോത്തിക്കിരി' എന്നാണല്ലോ പണ്ടു കാലത്ത് നാം പറഞ്ഞിരുന്നത്. പറങ്കിയണ്ടിയെ നാം ഇപ്പോഴും നാം കശുവണ്ടി എന്നു വിളിക്കുന്നു. ഇതിലെ കശു 'ക്യാശു'വിൽനിന്നു വന്നതാണ്.

എഴുത്തച്ഛൻ മലയാള അക്ഷരാവലി രൂപപ്പെടുത്തി യപ്പോൾ അതിൽ അമ്പത്തൊന്നു അക്ഷരങ്ങളാണ് ഉണ്ടാ യിരുന്നത് എന്ന് നമുക്കെല്ലാം ബോധ്യപ്പട്ടത് 'അമ്പത്തൊ ന്നക്ഷരാളി...' എന്നു തുടങ്ങുന്ന ശ്ലോകത്തിൽ നിന്നാ ണല്ലോ. അതിൽത്തന്നെ ഉണ്ടായിരുന്ന **ങ. ഞ, ഌ** എന്ന മൂന്നക്ഷരങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു. ഉപയോഗശൂന്യമെ ന്നു നിരീക്ഷിച്ച് പിൽക്കാലത്ത് അവയെ ഉപേക്ഷിക്കു കയായിരുന്നു. ഹരിനാമകീർത്തനത്തിൽ ഈ അക്ഷര ങ്ങളിൽ ആരംഭിക്കുന്ന ശ്ലോകങ്ങളുണ്ട്. **എ, ഒ** സ്വ രങ്ങളിൽ ആരംഭിക്കുന്ന ശ്ലോകങ്ങളില്ലതാനും. അതിനാൽ അവ പിന്നീടു കൂട്ടിച്ചേർക്കപ്പെട്ടതാണെന്നു വരുന്നു.

തമിഴിൽനിന്നു നിരവധി പദങ്ങൾ നാം കടമെടു ത്തിണ്ടല്ലോ. ഴ, റ, ഺ എന്ന അക്ഷരങ്ങൾ അങ്ങനെ നമ്മുടെ ഭാഷയിൽ വന്നതാണ്. തമിഴിൽ ഈ അക്ഷ രങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും, അവർക്കതിനെ കൃത്യമായി ഉച്ചരിക്കാനാകുന്നില്ല. '**ഴ**'യെ '**ള**' എന്നും '**ഺ**'യെ 'ഺറ' എന്നുമാണ് ഉച്ചരിച്ചു കേൾക്കുന്നത്. എന്നാൽ കഴിഞ്ഞ അമ്പതുകളിൽ തമിഴ് ചലച്ചിത്ര ങ്ങളിലടക്കം അവ നേരായി ഉപയോഗിച്ചു കേട്ടിട്ടുണ്ട്, ത്യാഗരാജ ഭാഗവതരുടെയും എം എസ് സുബ്ബലക്ഷ്മി യുടെയും ഗാനശേഖരത്തിൽ.

## ചില പ്രത്യേകതകൾ

ചില മലയാള അക്ഷരങ്ങളും തമിഴ് അക്ഷരങ്ങളും അഭേദ്യബന്ധമുള്ളതായി കാണുന്നു. 'ക, ജ, ണ, വ, ഷ, സ, ഹ, ക്ഷ, ഴ, റ, റ്റ' എന്നീ അക്ഷരങ്ങൾ ശ്രദ്ധിച്ചാൽ അവ വ്യക്തമാകും. മലയാളത്തിലെ 'ല', തെലുങ്കിലെ 'ల'-യിൽനിന്നു വന്നതാണെന്നു തോന്നുന്നു. എന്നാൽ രണ്ടു 'ല'-കൾ കൂടിച്ചേർന്ന് 'ല്ല' ആകുമ്പോൾ, അടിയിലെ 'ല' തമിഴിലെ 'ல'-യുമായി ബന്ധം പുലർത്തുന്നുണ്ട്.

മലയാളത്തിലെ ഇ, ഈ തമിഴിൽ എഴുതുമ്പോൾ, അവ പ്രത്യക്ഷപ്പെടുന്നത് 'இ, ஈ' രൂപത്തിലാണ്. തീർത്തും വ്യത്യസ്തം. തമിഴിൽ 'ര' എഴുതുന്നത് ഇങ്ങനെ: 'ர. ഏതാണ്ട് 'ஈ' പോലെത്തന്നെ. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ, പല പുസ്തകങ്ങളിലും 'ഈ' എന്ന അക്ഷരം അച്ചടിച്ചിരുന്നത് 'ഠരം' എന്നായിരുന്നു. അന്ധമായ അനുകരണരീതി. ഈ അച്ചടിരീതി കണ്ടത് 'വർജ്ജീനിയ അഥവാ രണ്ടാം കുരിശുയുദ്ധം' എന്ന വിവർത്തന ഗ്രന്ഥത്തിലാണ്.

അതുപോലെ, മലയാളത്തിൽ സംവൃതോകാരം ദുർലഭമായേ ഉപയോഗിച്ചിരുന്നുള്ളു. ഇന്ദുലേഖയുടെ ഒന്നാം പതിപ്പിന്റെ ആദ്യപുറം കാണുക: ('ലേ'യല്ല; 'ലെ'യാണ് ഉപയോഗിച്ചിരിക്കുന്നത്)

## അനുസ്വാരം, 'ം'

ദേവനാഗരി ലിപിയിൽ അനു സ്വാരം രേഖപ്പെടുത്തുന്നത് ‘ं’ ആയിട്ടാണ്; മലയാളത്തിൽ ‘ം’ ആയിട്ടും. ഹിന്ദി സംസാരിക്കു ന്ന സംസ്ഥാനങ്ങളിൽ, അനു സ്വാരത്തിന്റെ വ്യത്യസ്ത ഉച്ചാ രണങ്ങൾ താഴ്ന്ന ക്ലാസുകളിൽ ത്തന്നെ പഠിപ്പിക്കുമ്പോൾ, കേരളത്തിലെ അധ്യാപകർ അക്കാര്യം സ്പർശിക്കുന്നതേ യില്ല. എഴുത്തച്ഛൻ ഹരിനാമ കീർത്തനത്തിൽ താഴെ കൊടു ത്ത ശ്ലോകത്തിൽ പറയുന്നു:

“ങാനം കണക്കെയുടനഞ്ചക്ഷരങ്ങളു*ടെ
ഊനം വരുത്തിയൊരു നക്തഞ്ചരിക്കു ബത!”

* ങ, ഞ, ണ, ന, മ

“**ക്ഷ**രിയായൊരക്ഷരമതിങ്കേന്നുദിച്ചതിതു
ഴുമക്ഷരമിതെന്നങ്ങുരപ്പു ജനം”

************************